ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/08/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 4 ലക്കം 02

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ആഷാഢം – ശ്രാവണം
1191 കർക്കിടകം – 1192 ചിങ്ങം 2016 ആഗസ്റ്റ്

വാർഷിക വരിസംഖ്യ: ₹60 /- ദീർഘകാലം: ₹1000/-



## മഹർഷി അരവിന്ദഘോഷ് (1872 – 1950)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ആഗസ്റ്റ് 02 | : | അങ്ങാടിപ്പുറം രാമസിംഹൻ രക്തസാക്ഷി ദിനം |
| ആഗസ്റ്റ് 11 | : | ഖുദിറാം ബോസ് രക്തസാക്ഷി ദിനം |
| ആഗസ്റ്റ് 15 | : | സ്വാതന്ത്ര്യ ദിനം |
| | | മഹർഷി അരവിന്ദ ജയന്തി |
| ആഗസ്റ്റ് 28 | : | അയ്യങ്കാളി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



## *മണ്ഡലം 1 സൂക്തം 6*

***മധുച്ഛന്ദാ ഋഷിഃ ഇന്ദ്രഃ ദേവതാഃ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ***

**യുഞ്ജന്തി ബ്രധ്നമരുഷം ചരന്തം പരി തസ്ഥുഷഃ|**

**രോചന്തേ രോചനാ ദിവി ||**

*(ഋഗ്വേദം 1.6.1)*

**പദാർത്ഥം:** ഏതൊരു മനുഷ്യനാണൊ (മരുഷം) അംഗാംഗങ്ങളിൽ വ്യാപിച്ചതും ഹിംസാരഹിതവുമായ സർവ്വസുഖങ്ങളേയും നൽകുന്നത് (ചരന്തമ്) സർവ്വജഗത്തിനേയും അറിയുന്നവനും സർവ്വവ്യാപിയും (പരിതസ്ഥുഷഃ) സർവ്വമനുഷ്യരുടേയും സ്ഥാവരജംഗമപദാർത്ഥങ്ങളേയും ചരാചരജഗത്തിൽ മുഴുവനായുള്ളത് (ബ്രധ്നമ്) ആ മഹാൻ പരമേശ്വരനെ (യുഞ്ജന്തി) ഉപാസനായോഗത്താൽ പ്രാപിക്കാനാവുന്നു. ആ (ദിവി) പ്രകാശരൂപ പരമേശ്വരനും പുറത്ത് സൂര്യന്റേയും പവനന്റേയും മധ്യത്തിൽ (രോചനഃ) ജ്ഞാനത്താൽ പ്രകാശമാനനായി (രോചന്തേ) ആനന്ദത്തിൽ പ്രകാശിക്കുന്നു.

അതേപോലെ ഏതൊരുമനുഷ്യനാണൊ (മരുഷമ്) ദൃഷ്ടിഗോചരനായി രൂപത്താൽ പ്രകാശിക്കുകയും അതേപോലെ അഗ്നിരൂരൂപമായതിനാൽ ചുവന്ന ഗുണയുക്തനും (ചരന്തമ്) സർവ്വത്രഗമിക്കുന്നവനും (ബ്രധ്നമ്) മഹത്തായ സൂര്യനേയും അഗ്നിയേയും ശിൽപ്പവിദ്യയാൽ (പരിയുഞ്ജന്തി) എല്ലാ പ്രകാരത്തിലും യുക്തനാക്കുന്നതുപോലെ (ദിവി) സൂര്യാദികളുടെ ഗുണത്താലുള്ള പ്രകാശത്താൽ പദാർത്ഥം പ്രകാശിതമായിതീരുന്നു. അതേപോലെ (രോചനഃ) തേജസ്വിയായതിനാൽ (രോചന്തെ) നിത്യഉത്തമഉത്തമമായ ആനന്ദത്താൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു.

**ഭാവാർത്ഥം:** വിദ്യാസമ്പാദനത്തിന് നിരന്തരം ശ്രമിക്കുന്നവർ സർവ്വസുഖത്തേയും പ്രാപിക്കുന്നു. അതിനാൽ പൃഥിവി തുടങ്ങിയ പദാർത്ഥങ്ങളുടെ ഉപയോഗം ചെയ്ത് പണ്ഡിതന്മാർ സർവ്വപ്രാണികൾക്കും ഗുണം ഉണ്ടാക്കട്ടെ. അതിൽ നിന്ന് അയാൾക്കും സമ്പൂർണ്ണ സുഖം ലഭിക്കുന്നു.

യൂറോപ്യൻമാരായ മോക്ഷമൂലർ സാഹിബ് (മാർക്സ്മുള്ളർ)മുതലായവർ ഈ മന്ത്രത്തിന് കുതിരകളെ രഥവുമായി ബന്ധിപ്പിക്കുന്നതായുള്ള അർത്ഥം കൊടുത്തിരിക്കുന്നത് ശരിയല്ല. അതിനെ ഖണ്ഡിക്കുന്നത് ഭൂമികയിൽ (ഋഗ്വേദാദി ഭാഷ്യഭൂമിക) എഴുതിയിട്ടുണ്ട്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*

*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# അന്നദാനം.....മഹാദാനം

**പ്രിയ വേദബന്ധു!**

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലമാണ് 'പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം'. ഇവിടെ വർണ്ണ- വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് വേദപഠനവും അതോടൊപ്പം ബിരുദ- ബിരുദാനന്തരതലം വരെയുള്ള ആധുനിക വിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദികധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയൊരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂണ്, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വീശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷയജ്ഞവും നടത്താവുന്നതാണ്. ധർമ്മബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിനചിലവുകൾ നടന്നുപോകുന്നത്. ശതഹസ്ത സമാഹാര സഹസ്രഹസ്ത സം കിര (അഥർവ്വ വേദം 3.24.5) എന്ന് വേദം പറയുന്നു. നൂറു കൈകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

## ഗുരുകുലത്തിലെ ചിലവുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| **ഒരു മാസത്തെ മൊത്തം ചിലവ്** | – | 50,000.00 |
| **ഒരു ബ്രഹ്മചാരിയുടെ ഒരു വർഷത്തേക്കുള്ള ചിലവ്** | – | 25,000.00 |
| **ഒരു മാസത്തിനാവശ്യമായ യജ്ഞസാമഗ്രികൾ, നെയ്യ് തുടങ്ങിയവ** | – | 5100.00 |
| **ഒരു ദിവസത്തെ ഭക്ഷണം, പഠനചിലവ്** | – | 2100.00 |
| **ഒരു മാസത്തെ ഗോശാല ചിലവ്** | – | 15,000.00 |

വേദഗുരുകുലത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് താങ്കളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഗുരുകുല സംരക്ഷണ സമിതിയിലെ ഒരു സ്ഥിരാംഗമായി ചേർന്ന് ഒരു നിശ്ചിതസംഖ്യയോ, അരി, പച്ചക്കറി, യജ്ഞസാമഗ്രികൾ തുടങ്ങിയവയോ എല്ലാ മാസവും ഒരു നിശ്ചിത തീയ്യതിക്ക് ഗുരുകുലത്തിലേക്ക് ദാനം ചെയ്ത് ധർമ്മപ്രചാരണത്തിൽ പങ്കാളിയാവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

## സംഭാവനകൾ അയക്കേണ്ട വിലാസം

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**

Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,

Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440

A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400

(Registered Under Section 12AA of Income Tax Act 1961)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

(മുൻലക്കത്തിന്റെ തുടർച്ച)



## സ്വസ്ഥ വൃത്തം

ഡോ.(പ്രൊ.) ശശികുമാർ നെച്ചിയിൽ, എം. ഡി (ആയു.)

## നിദ്ര

ശരീരത്തെ താങ്ങിനിർത്തുന്ന മൂന്നു തൂണുകളിൽ രണ്ടാമത്തേതാണ് ഉറക്കം അഥവാ നിദ്ര. ശരിയായ ഉറക്കം ആരോഗ്യത്തിനും അമിതവും, കുറവും, ശരിയായ സമയത്തും അല്ലാത്ത ഉറക്കം രോഗത്തിനും ഇടയാക്കുന്നു. പകൽ മുഴുവനും പണിയെടുത്തു തളർന്ന ശരീരകോശങ്ങൾ വിശ്രമത്തിലേയ്ക്കു വരുന്നതിനെയാണ് ഉറക്കം എന്നു പറയുന്നത്. ഇത് സൂര്യാസ്തമനത്തിന് ശേഷം വളരെ സ്വാഭാവികമായി ശരീരത്തിലേയ്ക്ക് കടന്നു വരുന്നു. അങ്ങനെ കടന്നുവരുന്ന ഉറക്കമാണ് സ്വാഭാവികമായ നിദ്ര. ഇതിൽ എല്ലാ ഇന്ദ്രിയങ്ങളും തന്റെ കർമ്മങ്ങൾ നിർത്തുകയും മനസ്സുമാത്രം പകൽ താനനുഭവിച്ച ഏതെങ്കിലും പ്രത്യേക വിഷയത്തിൽ തല്പരയായി നിന്നു പ്രവർത്തിയ്ക്കുകയും ചെയ്യുമ്പോഴാണ് സ്വപ്നം നാം കാണുന്നത്. ചിലപ്പോൾ സ്വപ്നമാണോ ജീവിതമാണോ ശരിയായത് എന്ന് വേർതിരിച്ചറിയുവാൻ സാദ്ധ്യമാകാത്ത തരത്തിൽ മനസ്സ് ശരീരത്തിൽ പണിയെടുക്കുന്നു. സ്വപ്നം പോലും കാണാതെ എല്ലാ ഇന്ദ്രിയങ്ങളും തന്റെ കർമ്മങ്ങൾ നിർത്തുന്ന തരത്തിലുള്ള ഉറക്കത്തെ സുഷുപ്തി എന്നു പറയുന്നു. സുഷുപ്തിയിൽ നാം സ്വപ്നത്തേക്കാളും വിശ്രമത്തിലായിരിയ്ക്കും. ശരിയായ ഉറക്കം എന്നു പറയുന്നത് സുഷുപ്തിയാണ്. ഇവിടെ ശരീരത്തിന്റെ അടിസ്ഥാന പരമായ ജൈവപ്രവൃത്തികൾ ശരീരം നിലനിർത്തുന്നു. ശ്വാസോച്ഛ്വാസം തുടങ്ങിയവയാണിവ. ചില പ്രത്യേകതരം ജീവികളിൽ മറ്റൊരുതരത്തിലുള്ള നിദ്രയെ നമുക്കു കാണാനാകും. തവള, പല്ലി മുതലായവയിൽ അവ ചെയ്യുന്ന നിദ്രയിൽ ചിലപ്പോൾ ശ്വാസോച്ഛ്വാസ പ്രക്രിയയ്ക്കുപോലും മാറ്റം വരുത്താറുണ്ട് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. അത്തരത്തിൽ അവ ഭക്ഷണം പോലും കഴിയ്ക്കാതെ വർഷങ്ങൾ നീണ്ട ഉറക്കത്തിലേയ്ക്ക് പോകുന്നു. ഇതിനെയാണ് 'ഹൈബർനേഷൻ' എന്ന് ആധുനിക ശാസ്ത്രം വിളിയ്ക്കുന്നത്. മനുഷ്യനിൽ ഇത്തരത്തിലുള്ള നിദ്ര സംജാതമാകുമ്പോൾ ആകാം. നാം 'തുര്യം' മുതലായ മാനസികനിലകളായി പരിഗണിയ്ക്കുന്നത് എന്നു കരുതുന്നതിൽതെറ്റില്ലെന്നു തോന്നുന്നു. ഒരു തരം 'സമാധി' അവസ്ഥ തന്നെയാണ് 'ഹൈബർനേഷൻ'.

സാധാരണ ഒരു മനുഷ്യന് 4 മണിക്കൂർ മുതൽ 6 മണിക്കൂർ വരെ ഉറക്കം കിട്ടിയാൽ മതിയാകും. എന്നാൽ ശരീരം കൊണ്ടും ബുദ്ധികൊണ്ടും ധാരാളം കർമ്മം ചെയ്യുന്നവരിൽ 8 മണിക്കൂർ നിദ്ര ആവശ്യമാണ്. പഠനം നടത്തുന്ന കുട്ടികളിൽ ഇത് 10 മണിക്കൂർ ആവശ്യമുണ്ട്.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 4 ലക്കം 02

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ആഷാഢം - ശ്രാവണം
1191 കർക്കിടകം- 1192 ചിങ്ങം 2016 ആഗസ്റ്റ്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| സ്വസ്ഥവൃത്തം | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

### മാതൃമാൻ, പിതൃമാൻ, ആചാര്യവാൻ പുരുഷോ വേദ



മാതാപിതാക്കളിൽ നിന്നും ആചാര്യനിൽ നിന്നും ഉത്തമവിദ്യാഭ്യാസം നേടുന്നവർ ധന്യരാണ്. ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് മാതാപിതാക്കളുടേയും ആചാര്യന്റേയും പങ്ക് വളരെ വലുതാണ്. ഉത്തമസന്താനനിർമ്മാണം ഗർഭാവസ്ഥയ്ക്കു മുമ്പു തന്നെ ആരംഭിക്കുന്നു. യോഗേശ്വരനായ ശ്രീകൃഷ്ണനും രുഗ്മിണീദേവിയും പന്ത്രണ്ട് വർഷം ബ്രഹ്മചര്യവ്രതമനുഷ്ഠിച്ചശേഷമാണ് പ്രദ്യുമ്നൻ എന്ന ബാലന് ജന്മം നൽകിയത്. ഗർഭാവസ്ഥയിലും അതിനുശേഷവും അമ്മയുടെ പ്രഭാവം വളരെയേറെയാണ്. അഭിമന്യുവിന് ഗർഭാവസ്ഥയിൽ നിന്നും ലഭിച്ച സംസ്ക്കാരങ്ങളുടെ വിവരണം മഹാഭാരതത്തിൽ കാണാം. ചക്രവ്യൂഹത്തിൽ പ്രവേശിക്കുന്നതിനുള്ള വിദ്യ അദ്ദേഹം ഗർഭാവ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

സ്ഥയിൽതന്നെ മനസ്സിലാക്കിയിരുന്നു. എന്നാൽ ചക്രവ്യൂഹത്തിൽ നിന്നും പുറത്തിറങ്ങുന്ന വിധം അഭിമന്യുവിന് കേൾക്കാനായില്ല. എങ്ങിനെയാണൊ ഒരു മൺപണിക്കാരൻ കളിമണ്ണുകൊണ്ട് വളരെ ശ്രദ്ധയോടെ കുടവും മറ്റും ഉണ്ടാക്കുന്നത് അത്തരത്തിലാണ് മാതാവ് കുട്ടിയേ എങ്ങിനെയാണൊ ആഗ്രഹിക്കുന്നത് അതേപോലെ ആക്കിതീർക്കുന്നത്. മര്യാദാപുരുഷോത്തമനായിരുന്ന ശ്രീരാമൻ, യോഗേശ്വരനായ ശ്രീകൃഷ്ണൻ, ഛത്രപതി ശിവജി എന്നിവരെ വാർത്തെടുത്തതും അത്തരത്തിലായിരുന്നു.

മാതാപിതാക്കൾക്ക് ഒരു പരിധിവരെ മാത്രമേ ഇന്ന് തങ്ങളുടെ മക്കളെ വളർത്തിയെടുക്കാനുള്ള കഴിവും സാഹചര്യവുമുള്ളു. ആചാര്യന്റെ സ്ഥിതി അതിലും പരിതാപകരമാണ്. മതേതരത്വമെന്ന് പേരിട്ടിരിക്കുന്ന പാശ്ചാത്യസിദ്ധാന്തത്തിന്റെ പരിണിതഫലം ഭാരതീയമായ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുന്നതിന് വിഘാതമായാണ് കാണുന്നത്. രാജ്യം സ്വാതന്ത്ര്യം നേടി ഏഴുപതിറ്റാണ്ടായിട്ടും നമ്മുടേതായ പാഠ്യപദ്ധതി നടപ്പാക്കാൻ നമുക്കായിട്ടില്ല. അതിന് ഏറെ വിഘാതം നിൽക്കുന്നത് മെക്കാളെ പ്രഭു പടച്ചുവിട്ട സന്തതികൾ തന്നെയാണ്. ഇതിന്റെ ഏറ്റവും ദുരിതം പേറുന്നത് ഭൂരിപക്ഷമെന്നു പറയുന്ന വിഭാഗക്കാരാണ്. മറ്റു മതസ്ഥർക്ക് തങ്ങളുടെ മതപഠനം സ്വതന്ത്രമായി നടത്താനും അതിന് സർക്കാർ അംഗീകാരവും ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ വേദങ്ങൾ, ഉപനിഷത്തുക്കൾ ഗീത തുടങ്ങിയവ സാർവ്വത്രികമായി പഠിപ്പിക്കുന്നതിന് നമ്മുടെ കപടമതേതരവാദികൾ തടസ്സമുന്നയിക്കുന്നു. അതിന്റെ തിക്തഫലമാണ് ലവ് ജിഹാദെന്ന പേരിലും മറ്റും കേട്ടിരുന്ന പ്രതിഭാസങ്ങൾ ഉടലെടുത്ത് ഐ എസ് പോലുള്ള അന്താരാഷ്ട്ര ഭീകരസംഘടനകളിലേക്ക് വൻതോതിൽ റിക്രൂട്ട് മെന്റ് നടത്തുന്നതിനുള്ള സാഹചര്യംവരെ ഒരുക്കിയത്. സമീപ ഭാവിയിൽ തന്നെ ഇത് നമുക്ക് താങ്ങാനാവുന്നതിലുമപ്പുറമാകുമോയെന്ന് ഭയപ്പെടുകയാണ്.

ഈ പരിതസ്ഥിതിയിൽ നമ്മുടെ രക്ഷാമാർഗ്ഗം വേദപ്രചാരവും ഗുരുകുലരീതിയിലുള്ള വിദ്യാഭ്യാസവുമാണ്. ആര്യസമാജം അത്തരം ഗുരുകുലവിദ്യാഭ്യാസത്തിന് ഊന്നൽ നൽകി കേരളത്തിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം കേന്ദ്രങ്ങൾ ശക്തിപ്പെടുത്തിയാൽ മാത്രമേ ഇന്നു കാണുന്ന അശാന്തിക്ക് ശമനമുണ്ടാവു.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 5 വാനപ്രസ്ഥ – സന്യാസാശ്രമങ്ങൾ

***ചോദ്യം 1 :വാനപ്രസ്ഥമെന്നതിന്റെ അർത്ഥമെന്താണ് ?***

**ഉത്തരം** : ഏകാന്തമായൊരിടത്ത് പോയി സ്വാദ്ധ്യായ-സാധനകൾ ചെയ്യുന്നതിനാണ് വാനപ്രസ്ഥമെന്നു പറയുന്നത്.

***ചോദ്യം 2 : വാനപ്രസ്ഥം സ്വീകരിക്കാൻ ആർക്കാണ് അധികാരം ?***

**ഉത്തരം** : ഗൃഹസ്ഥൻമാർക്കാണ് വാനപ്രസ്ഥം സ്വീകരിക്കാൻ അധികാരം.

***ചോദ്യം 3 : എപ്പോഴാണ് വാനപ്രസ്ഥം സ്വീകരിക്കേണ്ടത് ?***

**ഉത്തരം** : കുടുംബത്തോടുള്ള തന്റെ കർത്തവ്യങ്ങൾ പൂർണ്ണമാവുമ്പോഴാണ് വാനപ്രസ്ഥം സ്വീകരിക്കേണ്ടത്.

***ചോദ്യം 4: വാനപ്രസ്ഥിയുടെ പ്രധാന കർത്തവ്യങ്ങൾ ഏതെല്ലാമാണ് ?***

**ഉത്തരം** : സ്വാദ്ധ്യായം ചെയ്യുക, പഞ്ചമഹായജ്ഞങ്ങൾ, ധർമ്മം എന്നിവ ആചരിക്കുക, യോഗാഭ്യാസം ചെയ്യുക എന്നിവ വാനപ്രസ്ഥിയുടെ പ്രധാന കർത്തവ്യങ്ങളാണ്.

***ചോദ്യം 5: വാനപ്രസ്ഥത്തിന് ശേഷമുള്ള ആശ്രമമേതാണ് ?***

**ഉത്തരം** : വാനപ്രസ്ഥത്തിനുശേഷം സന്യാസാശ്രമമാണ്.

***ചോദ്യം 6 : എന്തിനാണ് സന്യാസാശ്രമം സ്വീകരിക്കുന്നത് ?***

**ഉത്തരം** : ഈശ്വരസാക്ഷാത്ക്കാരത്തിനായാണ് സന്യാസാശ്രമം സ്വീകരിക്കുന്നത്.

***ചോദ്യം 7: ഏതെങ്കിലും മൂന്നു സന്യാസിമാരുടെ പേര് പറഞ്ഞാലും***

**ഉത്തരം** : 1. സ്വാമി ദയാനന്ദ സരസ്വതി, 2. സ്വാമി ശ്രദ്ധാനന്ദ്, 3. സ്വാമി ദർശാനന്ദ്

***ചോദ്യം 8 : സന്യാസാശ്രമം സ്വീകരിക്കുന്നതിനുള്ള പ്രധാനപ്പെട്ട 3 യോഗ്യത എന്താണ് ?***

**ഉത്തരം** : വൈരാഗ്യം (വിരക്തഭാവം) ഉണ്ടാവലാണ് സന്യാസാശ്രമത്തിനു വേണ്ട പ്രധാന യോഗ്യത.

***ചോദ്യം 9 : സന്യാസിയുടെ മുഖ്യ കടമകൾ എന്തെല്ലാമാണ് ?***

**ഉത്തരം** : സത്യോപദേശം നടത്തുകയും വേദപ്രചാരം നടത്തുകയുമാണ് സന്യാസിയുടെ മുഖ്യകടമകൾ.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*


(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## മഹർഷി ദയാനന്ദ സരസ്വതി



### അമൃത്സറിൽ വെച്ച് സ്വാമിജിക്ക് നേരെ കല്ലേറ്

ലാഹോറിൽ ആര്യസമാജമെന്ന ചെടി നട്ട് അതിനെപരിപാലിച്ച് വളർത്തുന്നതിനായി ശ്രദ്ധാലുക്കളും പരിശ്രമികളുമായ ഏതാനും പേരെ ഏർപ്പാട് ആക്കിയശേഷം സ്വാമിജി അമൃത്സറിലേക്ക് പോയി. അമൃത്സറിൽ വെച്ച് സ്വാമിജി വളരെ വലിയതും ശ്രദ്ധേയങ്ങളുമായ പ്രഭാഷണങ്ങൾ നടത്തി. എതിരാളികൾ സ്വാമജിക്കെതിരെ വധഭീഷണി മുഴക്കി. എന്നിരുന്നാലും സ്വാമിജി തീവ്രമായി പ്രചാരണം നടത്തി. ചിലർ സ്വാമിജിക്കെതിരെ കല്ലെറിഞ്ഞു. തൂവാലകൊണ്ട് രക്തം തുടച്ചുകൊണ്ട് സ്വാമജി തന്റെ പ്രഭാഷണം തുടർന്നു. അവസാനം പോലീസ് വന്നാണ് ഈ ഗുണ്ടായിസം അവസാനിപ്പിച്ചത്.

അമൃത്സറിൽ നിന്നും റാവൽപിണ്ഡി, വസീറാസാദ്, ഗുജറാത്ത്, മുൽത്താൻ തുടങ്ങിയ സ്ഥലങ്ങളിൽ പ്രചാരണം നടത്തി സ്വാമിജി ജലന്ധറിലെത്തി. ജലന്ധറിൽ നിന്ന് ഷഹരൻപൂർ ഭാഗത്തേയ്ക്ക് പോയി.

ഷഹരൻപൂരിൽ നിന്ന് മീററ്റിലെത്തി. മീററ്റിൽ കുറച്ചു ദിവസം പ്രചാരണം നടത്തി. സ്വാമിജിയുടെ ശ്രമം വളരെ സഫലമായി. വളരെ പെട്ടെന്ന് അവിടെ ആര്യസമാജം സ്ഥാപിച്ചു. ഇവിടെ ഏതാനും വ്യക്തികൾക്ക് സ്വാമിജി യജ്ഞോപവീതം നൽകി. മീററ്റിൽ ഒരു മാസം ചിലവഴിച്ച ശേഷം അദ്ദേഹം ഡൽഹിയിലെത്തി. ഡൽഹിയിൽ നിന്നും റേവാഡി വഴി സ്വാമിജി അജ്മേരിലെത്തി. അവിടെ നിന്ന് പുഷ്കരത്തിൽ നടക്കുന്ന മേളയിൽ എത്തി.

### പുഷ്കർമേളയിലെ പ്രചാരം

മേളസ്ഥലത്തുള്ള വൻജനാവലിക്കുമുമ്പാകെ സ്വാമിജി വൈദികധർമ്മത്തേകുറിച്ച് പ്രഭാഷണം നടത്തി. ജനങ്ങളിൽ വൻ ഉത്സാഹത്തിനും മാറ്റത്തിനും ഇത് വഴിതെളിച്ചു. പുഷ്കറിൽ നിന്നും സ്വാമിജി വീണ്ടും അജ്മേരിലെത്തി. അവിടെ 12 ദിവസം താമസിച്ച് വേദങ്ങൾ, സതി, ജലയാത്ര തുടങ്ങിയ വിഷയങ്ങളിൽ പ്രകാശം പരത്തുന്ന പ്രഭാഷണങ്ങൾ നടത്തി.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപ്പത്തി വിഷയഃ

**ഭാവാർത്ഥം:** പ്രശ്നം - വേദരചനയ്ക്കും വേദപുസ്തകം എഴുതാനും പേന, കടലാസ് തുടങ്ങിയ വസ്തുക്കൾ ഈശ്വരൻ എവിടെനിന്ന് സംഘടിപ്പിച്ചു. ആ കാലത്ത് കടലാസും മറ്റും ഉണ്ടായിരുന്നില്ലല്ലോ ?

**ഉത്തരം:** കൊള്ളാം, താങ്കൾ വലിയൊരു സംശയമാണുന്നയിച്ചത്. താങ്കളുടെ ബുദ്ധിക്ക് സ്തുതി. കൈകാലുകളും തടികളും ലോഹങ്ങളുമാകുന്ന സാമഗ്രികളൊന്നും കൂടാതെ ഈ ജഗത്തിനെ ഈശ്വരൻ എങ്ങിനെയാണ് രചിച്ചത് എന്ന് ഞാൻ നിങ്ങളോട് ചോദിക്കുന്നു. എങ്ങിനേയൊണൊ കൈകാലുകൾ തുടങ്ങിയ അവയവങ്ങളില്ലാതെ അദ്ദേഹം സർവ്വജഗത്തിനേയും രചിച്ചത്. അതേപോലെ മറ്റു സാമഗ്രികളുടേയൊന്നും സഹായമില്ലാതെ വേദങ്ങളേയും രചിച്ചു. എന്തെന്നാൽ ഈശ്വരൻ സർവ്വശക്തിമാനാണ്. അതിനാൽ ഈ സംശയം ശരിയല്ല. എന്നാൽ പുസ്തകരൂപത്തിലല്ലാ സൃഷ്ടിയുടെ ആരംഭത്തിൽ വേദങ്ങൾ പ്രകാശിപ്പിച്ചത് എന്നും അറിയുക.

**ചോദ്യം: എന്നാൽ ഏതുപ്രകാരത്തിലാണ് രചിച്ചത് ?**

**ഉത്തരം:** ജ്ഞാനത്തിന്റെ മധ്യത്തിലാണ് രചിച്ചത്.

**ചോദ്യം: ആരുടെ ജ്ഞാനത്തിൽ ?**

**ഉത്തരം:** അഗ്നി, വായു, ആദിത്യൻ, അങ്ഗിരസ് എന്നിവരുടെ ജ്ഞാനത്തിൽ.

**ചോദ്യം: അവ ജഡപദാർത്ഥങ്ങളല്ലെ?**

**ഉത്തരം:** അങ്ങിനെ പറയരുത്. അവ സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യദേഹധാരികളായിരുന്നു. എന്തെന്നാൽ ജഡവസ്തുക്കളിൽ ജ്ഞാനമുണ്ടാക്കുക അസംഭവമാണ്. എവിടെയൊല്ലാമാണോ അസംഭവമുണ്ടാകുന്നത് അവിടെയെല്ലാം ലക്ഷണങ്ങൾ കാണാം. ഉദാഹരണത്തിന് സത്യവാദിയും വിദ്വാനുമായ ഒരാൾ മറ്റൊരാളോട് പറയുന്നു. 'കൃഷിസ്ഥലത്ത് മഞ്ചാൻ വിളിക്കുന്നു.' എന്നുവെച്ചാൽ അതിന്നർത്ഥം ലക്ഷണം വെച്ചുനോക്കിയാൽ മഞ്ചാനിൻ ഇരിയ്ക്കുന്ന മനുഷ്യൻ (പക്ഷിയെ ഓടിക്കാനിരിക്കുന്നവൻ) വിളിക്കുന്നു എന്നാണ്. അതുപോലെ ഇവിടേയും ഗ്രഹിയ്ക്കുക. അറിവ് മനുഷ്യരിൽ ആണ്. ജഡവസ്തുക്കളിലല്ലാ. ഇതിന് 'തേഭ്യഃ' തുടങ്ങിയ ശതപഥബ്രാഹ്മണമന്ത്രങ്ങൾ എഴുതിയിട്ടുണ്ട്. ആ നാലുമനുഷ്യരിലൂടെ ജ്ഞാനമദ്ധ്യത്തിൽ വേദപ്രകാശം ചെയ്ത് ബ്രഹ്മാദികളുടെ ഇടയിലേക്ക് വേദങ്ങളെ പ്രകാശിപ്പിച്ചു.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

# വൈദിക ഈശ്വരൻ

കെ.എം. രാജൻ

മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരാൾ ഷഹാദയുടെ ആദ്യഭാഗം: 'ലാ ഇലാഹാ ഇല്ലള്ളാ' (അള്ളാഹുവല്ലാതെ മറ്റൊരു ദൈവമില്ല) പറയുകയും അടുത്തഭാഗമായ 'മുഹമ്മദൂർ റസൂലള്ളാ' (മുഹമ്മദ് അദ്ദേഹത്തിന്റെ സന്ദേശവാഹകനാണ്) എന്നതിനേ നിരാകരിക്കുകയും ചെയ്യുകയാണെങ്കിൽ വൈദിക ഈശ്വരസങ്കൽപ്പത്തിനടുത്തുവരും.

അള്ളാഹുവിനേയല്ലാതെ മറ്റെന്തിനേയെങ്കിലും ആരാധിക്കുന്നത് ഘോരപാപമായാണ് ഇസ്ലാം കരുതുന്നത്. ഈ ആശയത്തേ ഉൾക്കൊണ്ടുകൊണ്ട് മുഹമ്മദ്, ഗബ്രിയേൽ എന്നിങ്ങനേ ആരെയെങ്കിലും അള്ളാഹുവിന് പുറമേ അംഗീകരിക്കുന്നില്ലെങ്കിൽ താങ്കൾ വേദങ്ങളിൽ വിവരിക്കുന്ന തരത്തിൽ ഉപേക്ഷവരുത്താത്തവനാണ്.

**ചോദ്യം: വേദങ്ങളിൽ വിവരിക്കുന്ന ദൈവങ്ങളേയും ദേവതകളേയും കുറിച്ച് എന്തു പറയുന്നു? 33 കോടി ദേവതകൾ എന്താണ്?**

**ഉത്തരം:** നേരത്തേ പറഞ്ഞപോലെ ദേവത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമുക്ക് ഉപകാരപ്രദമായ വസ്തുക്കളാണ്. പക്ഷെ അവയേ ആരാധിക്കണമെന്ന് വേദങ്ങളിലൊരിടത്തും പറഞ്ഞിട്ടില്ല. ദേവതകളുടെ ദേവതയായ ഈശ്വരനെ മഹാദേവൻ എന്നു പറയും. അദ്ദേഹത്തേ മാത്രമാണ് ആരാധിക്കേണ്ടത്?

33 കോടി ദേവതകളേക്കുറിച്ച് വേദങ്ങളിൽ പറയുന്നില്ല 33 കോടി എന്നത് 33 തരം ദേവതകൾ എന്നാണ്. ശതപഥബ്രാഹ്മണത്തിൽ അവയേകുറിച്ച് വ്യക്തമായി വിവരിക്കുന്നുണ്ട്. അവ ഇപ്രകാരമാണ്.

അഷ്ടവസുക്കൾ (പൃഥ്വി), ജലം, ആകാശം, അഗ്നി, വായു, ചന്ദ്രൻ, സൂര്യൻ, നക്ഷത്രങ്ങൾ/ഗ്രഹങ്ങൾ എന്നീ നാം ജീവിക്കുന്ന ഈ പ്രപഞ്ചത്തിന്റെ ഭാഗങ്ങൾ.

10 പ്രാണന്മാരും (പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗം, കൂർമ്മം, കൃകല, ദേവദത്തം, ധനഞ്ജയം), രുദ്രൻ എന്ന ആത്മാവും.

12 ആദിത്യന്മാർ – 12 മാസങ്ങൾ, 1. വിദ്യുത് – നമുക്ക് വളരെ ഉപകാരപ്രദമായ വൈദ്യുത – കാന്തിക ശക്തി, യജ്ഞം അഥവാ തുടർച്ചയായി നിസ്വാർത്ഥമായി അനുഷ്ഠിക്കുന്ന കർമ്മങ്ങൾ.

ഈ 33 ദേവതകളുടെ അധിപനാണ് മഹാദേവൻ അഥവാ ഈശ്വരൻ. ശതപഥ ബ്രാഹ്മണം 14 – ാം കാണ്ഡമനുസരിച്ച് അദ്ദേഹത്തെ മാത്രമേ ആരാധിക്കാവൂ.

33 ദേവതാസങ്കൽപ്പമെന്നത് ഗഹനമായ ഗവേഷണ വിഷയമായതിനാൽ ആഴത്തിലുള്ള പഠനം ആവശ്യമാണ്. എല്ലാ വേദങ്ങളിലും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് ഇത്. ഇവ ഈശ്വരനല്ലാ എന്നും അതിനാൽ അവയേ ആരാധിക്കരുതെന്നും.

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



**ചോദ്യം 49: ജനനം, മരണം എന്നാൽ എന്താണ്? ആർക്കാണ് സംഭവിയ്ക്കുന്നത്?**

**ഉത്തരം:** ഈശ്വരീയ വ്യവസ്ഥയനുസരിച്ച് ആത്മാവ് ശരീരധാരണം നടത്തുമ്പോൾ ജനനം എന്നും ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുമ്പോൾ മൃത്യു എന്നും പറയുന്നു. ഏതു വസ്തുവാണോ ഉത്പന്നമാകുന്നത് അപ്പോൾ അതിന്റെ ജനനമെന്നും അതിന്റെ അന്ത്യത്തിനെ മൃത്യു എന്നും പറയുന്നു. ജനന – മരണങ്ങളെ കൊണ്ടാണ് സൃഷ്ടിയിലെ സന്തുലിതാവസ്ഥ നിലനിർത്തപ്പെടുന്നത്. എല്ലാവർക്കും ജനനം മാത്രമേയുള്ളു, മരണമില്ലാ എന്നാണെങ്കിൽ ഈ സന്തുലിതാവസ്ഥ നിലനിർത്താൻ സാധ്യമല്ല. അതുകൊണ്ട് ജനനവും മരണവും അനിവാര്യമാണ്. ഈശ്വരന്റെ ഈ നിയമം അനാദിയും അനന്തവുമാണ്.

പഞ്ചമഹാഭൂതങ്ങളാൽ നിർമ്മിതമായ ശരീരം ജഡമാണ്. എന്നാൽ ആത്മാവിന്റെ സംയോഗത്താൽ ചേതനമായികാണപ്പെടുന്നു. ആത്മവ് പുറത്തുപോകുമ്പോൾ വീണ്ടും ജഡമായിതീരുന്നു. ആത്മാവ് ചേതനമാണ്. അതിന് ജനനവും മരണവുമില്ല. കാരണം ആത്മാവ് അനാദിയാണ്. അതുകൊണ്ട് അന്തരഹിതനും നിത്യനുമാണ്.

മനുഷ്യൻ മൃത്യു എന്ന ഈ ആശ്ചര്യ ജനകമായരഹസ്യത്തെ പറ്റി അറിയാൻ എല്ലാവിധ ശ്രമങ്ങളും നടത്തികൊണ്ടിരിക്കുന്നു. എന്നാൽ ആത്മാവ് ഒരു ഭൗതികവസ്തുവല്ല. ആത്മാവ് അമരനാണ്. അതിനാൽ മൃത്യു കേവലം ശരീരത്തിനു മാത്രമാണ് സംഭവിയ്ക്കുന്നത്. ശരീരം കർമ്മം ചെയ്യുന്നത് നിർത്തിയാൽ അത് മരിച്ചുപോയി എന്നു മനസ്സിലാക്കാം. ശരീരത്തിൽ കർമ്മം ചെയ്യുന്നതിനുള്ള തത്വം ആത്മാവാണ്. ആത്മാവ് ശരീരത്തിൽ പ്രവേശിയ്ക്കുമ്പോൾ ജനനവും ശരീരം വിട്ടുപോകുമ്പോൾ മൃത്യുവും സംഭവിയ്ക്കുന്നു. എവിടെയാണൊ ജനനമുള്ളത് അവിടെ മരണവുമുണ്ടായിരിയ്ക്കും. കാരണം ഇവ രണ്ടും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ഈശ്വരന്റെ സൃഷ്ടിക്കാനും സഹകരിക്കാനുമുള്ള ശക്തി സദാ കർമ്മനിർതമാണ്.

ശാസ്ത്രങ്ങളിലും പറയുന്നത് ലോകത്തിൽ ഒരു വസ്തുവിനും വിനാശം സംഭവിയ്ക്കുന്നില്ല. അതിന്റെ സ്വരൂപത്തിനുമാത്രമാണ് വ്യത്യാസം സംഭവിയ്ക്കുന്നത് എന്നാണ്. ശരീരം മരിക്കുമ്പോൾ നമ്മളതിനെ അഗ്നിയിൽ ദഹിപ്പിക്കുന്നു. അപ്പോൾ ആ ശരീരം ഭസ്മമായി എന്നാണ് കണ്ടുനിർക്കുന്നവർക്ക് തോന്നുന്നത്. എന്നാൽ യഥാർത്ഥത്തിൽ പഞ്ചമഹാഭൂതങ്ങളാൽ നിർമ്മിതമായ ഈ ശരീരം ആ പഞ്ചമഹാഭൂതങ്ങളിൽ തന്നെ അതായത് പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നിവയിൽ ലയിക്കുകയാണ് ചെയ്യുന്നത്. അതായത് സ്വന്തം കാരണങ്ങളാൽ ലീനമായിതീരുന്നു. സൃഷ്ടിയിൽ നിരന്തരം പരിവർത്തനം സംഭവയിക്കുന്നത് പ്രകൃതിനിയമമാണ്. ഏതുവസ്തുവിലാണോ പരിവർത്തനം സംഭവിയ്ക്കുന്നത് അപ്പോൾ അതൊരു പ്രാകൃതിക ഗുണമാണെന്ന് മനസ്സിലാക്കണം.

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

*തർജ്ജമ: കെ.എം. രാജൻ*

**യാ**ഷ്ടികം ഭോജയ അർത്ഥാത് യാഷ്ടികയാസഹചരിതം ബ്രാഹ്മണം ഭോജയേതി ഗമ്യതെ, തഥൈവ തദ് ബ്രഹ്മസഹചരിതംസ്ത്വ മസീത്യവഗന്തവ്യമ് തഥാ, അഹം ബ്രഹ്മാസ്മീത്യത്രാഹം ബ്രഹ്മസഹചരിതോ വാ ബ്രഹ്മസ്ഥോ സ്മീതി വിജ്ഞയോऽർത്ഥഃ | താത്സന്ധ്യോപാധിനാ യഥാ മഞ്ചാഃ ക്രോശന്തീത്യത്ര മഞ്ചാസ്ഥാഃ ക്രോശന്തീതി വിജ്ഞായതെ, ഏവം യത്ര യത്രാ സംഭവ ആഗഛേത്തത്ര തത്രോപാധിനാऽർത്ഥോ വേദിതവ്യഃ | അത്ര ന്യായദർശനസ്യദ്വിതീയാദ്ധ്യായസ്ഥം ചതുഷഷ്ടിതമം സൂത്രം പ്രമാണമസ്തി- സഹചരണസ്ഥാനതാദർത്ഥ്യവൃത്തമാനധാരണസാമിപ്യ യോഗസാധനാധിപത്യേഭ്യോ ബ്രാഹ്മണ മഞ്ചകടരാജസക്തു ചന്ദനഗംഗാശാടകാന്നപുരുഷേശ്വതദ് ഭാവേപി തദുപചാരഃ | ഏഷു ദശവിധാസംഭവേഷു വാക്യാർത്ഥേഷു ദശോപാധയോ ഭവന്തീതി വേദ്യമ്||

ഇവിടേയും സർവ്വശക്തിമത്വ ഭ്രാന്ത്യാദിദോഷരഹിതത്വാദി ഗുണങ്ങളുള്ള ബ്രഹ്മത്തിന്റെ സംഭവം ജീവാത്മാവിൽ ഒരിക്കലും ഉണ്ടാവില്ല. എന്തെന്നാൽ ജീവാത്മാവ് അൽപശക്തിമത്വഭ്രാന്ത്യാദി ദോഷങ്ങളോടു കൂടിയവനാണ്. ഇതിൽ നിന്നും ബ്രഹ്മവും ജീവനും ഒന്നാണെന്നു കരുതുന്നത് തെറ്റിദ്ധാരണയാണെന്ന് മനസ്സിലാക്കാം.

നാലാമതായി 'അയമാത്മാ ബ്രഹ്മാ' എന്നത് അഥർവ്വവേദവാക്യമായി പറയുന്നു. എന്നാലിത് അഥർവ്വവേദവാക്യമല്ല. മാണ്ഡൂക്യോപനിഷത്തുകൾ തുടങ്ങിയവയിലെ വാക്യമാണ്. വിചാരശീലനായ പുരുഷൻ തന്റെ പ്രത്യക്ഷജ്ഞാനത്താൽ തന്നിലുള്ള അന്തര്യാമിയെ സാക്ഷാത്കരിച്ച് പറയുകയാണ് എന്റേയീ അന്തര്യാമി ബ്രഹ്മമാണ്. അതായത് എന്റെ കൂടി ആത്മാവിണിത്. ഇതാണ് ഇതിന്റെ യഥാർത്ഥ അർത്ഥം. തന്റെ ഉപാസ്യനെ പ്രത്യക്ഷാനുഭവങ്ങളാൽ ജീവാത്മാവ് മനസ്സിലാക്കുന്നതിനുള്ള വാക്യമാണ്.

അതേപോലെ 'യോऽസാവാദിത്യേപുരുഷസ്സോऽസാവഹമ്'. ഇത് യജുർവ്വേദം നാൽപതാമദ്ധ്യായത്തിലെ വാക്യമാണ്. ആദിത്യനിൽ അഥവാ പ്രാണനിലുള്ള പുരുഷൻ അത് ഞാൻ ജീവാത്മാവ് ആകുന്നു എന്നർത്ഥം. 'ആദിത്യോ വൈ പ്രാണഃ' ശതപഥബ്രാഹ്മണെ| അതേ പോലെ 'ആദിത്യോ ഹവൈ പ്രാണൊ രയിരേവ ചന്ദ്രമാഃ' എന്ന് മുണ്ഡകോപനിഷത്തിൽ. ഈ പ്രമാണത്തിൽ ഏതൊന്നാണോ പ്രാണനിൽ പൂർണ്ണവും പ്രാണനിൽ ഉറങ്ങുന്നതും പ്രാണന്റെ പ്രേരകനുമായ ജീവാത്മാ പുരുഷൻ ഞാനാകുന്നു എന്നു വരുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*




**ഇ**നി മുക്തി ലഭിച്ച ജീവന്റെ ജ്ഞാനം എങ്ങിനേയാണ്? ഇതിനെകുറിച്ച് ചിന്തിക്കാം.

ഈ ജന്മത്തിൽ പൂർവ്വജന്മസ്മരണകൾ ഇല്ലാത്തതിനാൽ ജീവികൾക്ക് പൂർവ്വജന്മജ്ഞാനമുണ്ടാവില്ലാ എന്ന് ചിലർ സംശയമുന്നയിച്ചേക്കാം. ഏതൊരു ജ്ഞാനത്തിന്റെ നിമിത്തങ്ങൾ നഷ്ടപ്പെടുന്നുവോ അപ്പോൾ ആ ജ്ഞാനവും വിസ്മരിക്കപ്പെടുന്നു.

### യുഗപദ് ജ്ഞാനാനുത്പത്തിർമനസോ ലിങ്ഗം (ന്യായദർശനം 1.1.16)

ഇത്തരം പ്രശ്നങ്ങളെല്ലാം അമുക്ത ആത്മാവിനുണ്ടാകുന്നു. എന്നാൽ ധനഞ്ജയ വായുവിന്റെ ജ്ഞാനത്താൽ ആരുടെ ആത്മാവിന് അതിലൂടെ സഞ്ചരിക്കാനാവുകയും അയാളുടെ പൂർവ്വജന്മസംസ്കാരം നഷ്ടപ്പെടുകയും ആ ആത്മാവിൽ സ്ഥായിയായ ശാന്തി ഉൽപ്പന്നമാവുകയും അത്യന്തപവിത്രത, സ്ഥിരത, ജ്ഞാനോന്നതിയുടെ തിരിച്ചറിവ് എന്നിവ ഉണ്ടാവുകയും അയാളുടെ ദൃഷ്ടിക്കും മനോവൃത്തിക്കും ജ്ഞാനസുഖമല്ലാതെ അന്യസുഖങ്ങൾ ഉണ്ടാവാതിരിക്കുകയും ചെയ്യുമ്പോൾ അത്തരത്തിലുള്ള യോഗിക്ക് പരമാനന്ദ പ്രാപ്തിയുണ്ടാവുന്നു. അങ്ങിനെയുള്ള വ്യക്തിക്ക് ദേശ- കാല- വസ്തു പരിഛേദജ്ഞാനം ഉണ്ടാവുന്നു. അയാളുടെ യുഗപദ്ജ്ഞാനത്തിന് ഇളക്കം തട്ടുന്നില്ല. ഉദാഹരണത്തിന് ശർക്കരയുടെ ഒരു പൊടി ഉറുമ്പിന് ലഭിച്ചാൽ ഉറുമ്പ് അത് വലിച്ചുകൊണ്ടു പോകുന്നു. എന്നാൽ ശർക്കരയുടെ വലിയ ഒരു കഷ്ണം ലഭിച്ചാൽ ഉറുമ്പ് അതിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു. യോഗികളുടെ ആത്മാവിന്റെ സ്ഥിതി പരമാനന്ദപ്രാപ്തിയുണ്ടാവുമ്പോൾ ഇങ്ങിനെയായിതീരുന്നു.

## ഏഴാം പ്രഭാഷണം

### യജ്ഞവും സംസ്കാരവിഷയങ്ങളും

(1875 ജൂലൈ 20 ചൊവ്വാഴ്ച ശ്രാവണകൃഷ്ണദ്വിതീയ വിക്രമസംവത്സരം 1932 (ദക്ഷിണാത്യ മതമനുസരിച്ച് ആഷാഢകൃഷ്ണ ദ്വിതീയ)

ഓം ദ്യൗ ശാന്തിരന്തരിക്ഷമ് ശാന്തിഃ പൃഥിവി ശാന്തിരാപഃ ശാന്തിരോഷധയഃ ശാന്തിഃ വനസ്പതയഃ ശാന്തിർവിശ്വേ ദേവാഃ ശാന്തിർബ്രഹ്മ ശാന്തിഃ സർവ്വമ് ശാന്തിഃ ശാന്തി രേവ ശാന്തിഃ സാ

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

മാ ശാന്തിരേധി

ഈ ഋച ചൊല്ലി സ്വാമിജി പ്രഭാഷണമാരംഭിച്ചു. യജ്ഞവും സംസ്കാരവും എന്താണ്? ഇന്ന് നമുക്കതിനേക്കുറിച്ച് ചിന്തിക്കാം.

ആദ്യമായി യജ്ഞത്തെകുറിച്ച് ചിന്തിക്കാം. യജ്ഞമെന്നതിന്റെ അർത്ഥമെന്താണ്? യജ്ഞത്തിന്റെ സാധനങ്ങൾ ഏതെല്ലാമാണ് ? അതിന്റെ ഫലങ്ങൾ എന്തൊക്കെയാണ് ? ഇത്തരം ചോദ്യങ്ങൾ ഉണ്ടാകുന്നു. ഉത്തരം യഥാക്രമം നൽകാം.

യജ്ഞശബ്ദത്തിന് മൂന്ന് അർത്ഥങ്ങളുണ്ട്. ഒന്നാമതായി ദേവപൂജ, രണ്ടാമതായി സംഗതീകരണം, മൂന്നാമത്തേത് അർത്ഥദാനം എന്നിവയാണവ. ആദ്യം ദേവപൂജാവിഷയത്തേകുറിച്ച് പറയാം. 'ദേവ' എന്ന പദത്തിന്റെ മൂലഅർത്ഥം പ്രകാശസ്വരൂപൻ എന്നാണ്. വേദമന്ത്രങ്ങൾക്കും ദേവസംജ്ഞയുണ്ട്. എന്തെന്നാൽ അവയിലൂടെ വിദ്യയുടെ പ്രകാശം ഉണ്ടാകുന്നു. ഈ യജ്ഞം കർമകാണ്ഡത്തിന്റെ വിഷയമാണ്. അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ളവ യജ്ഞങ്ങൾ എന്ന പരിധിയിൽ വരുന്നു. ദേവശബ്ദത്തിന് പരമാത്മാവ് എന്ന അർത്ഥവുമുണ്ട്. എന്തെന്നാൽ പരമാത്മാവ് വേദം അഥവാ ജ്ഞാനത്താൽ സൂര്യാദിജഡവസ്തുക്കളെ പ്രകാശിപ്പിച്ചു. ദേവൻ എന്നതിന് പണ്ഡിതൻ എന്നും അർത്ഥമുണ്ട്. എന്തെന്നാൽ ശതപഥ ബ്രാഹ്മണത്തിൽ 'വിദ്വാംസോ ഹി ദേവാഃ' എന്ന വർണ്ണനയുണ്ട്. പൂജ എന്ന ശബ്ദത്തിന്റെ അർത്ഥം സത്കാരമെന്നാണ്.

*(തുടരും)*




## ദയാനന്ദ സന്ദേശം വൈദിക മാസിക

*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*മാ നിന്ദത (ഋഗ്വേദം 4. 5. 2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



**കാ**പ്പി, ചായ, വട, പഴംപൊരി, ഇളനീർ, പത്രമാസികകൾ മുതലായവ വിളിച്ചുകൂവി വിൽപനനടത്തുന്നവരുടേയും യാത്രക്കാരുടേയും പോർട്ടർമാരുടേയും മറ്റും ബഹളം കൊണ്ട് ശബ്ദമലീമസമായ അന്തരീക്ഷം. ചൂടുകാറ്റിന്റെ ശല്യം വേറെയും. എല്ലാം സഹിച്ചുകൊണ്ട് പാച്ചൻ വണ്ടി വരുന്നതും നോക്കി ഒരു സിമന്റ് ബെഞ്ചിൽ ഇരുന്നു. അഞ്ചുമിനിട്ട് കഴിഞ്ഞപ്പോൾ വണ്ടി ബ്ലോക്കായതിന്റെ ബെൽ മുഴങ്ങി. എല്ലാവരും പ്ലാറ്റ്ഫോമിന്റെ വക്കത്തേക്ക് തിരക്കിയോടി. പാച്ചനും അവരെ അനുഗമിച്ചു. സിഗ്നൽ കൊടി താഴ്ന്നു. ഏകഛത്രാധിപതിയുടെ എഴുന്നള്ളത്തിന്റെ മുന്നറിയിപ്പെന്നോണം കൂകി കൊണ്ടും ഝക്ത്സകാരവം, വാദ്യഘോഷതുല്യം മുഴക്കികൊണ്ടും വണ്ടി പ്ലാറ്റ്ഫോമിലെത്തി നിന്നു.

യാത്രക്കാർ പലവിധമാണ്. പ്രപഞ്ചമെന്നപോലെ ചിലർ ഒന്നാം ക്ലാസുകാരാണെങ്കിൽ ചിലരാകട്ടെ മുൻകൂട്ടി റിസർവ്വ് ചെയ്തവരാണ്. രണ്ടാംക്ലാസുകാരാണ് മറ്റു ചിലർ. ബഹുജനം ബഹുവിധമാണല്ലൊ. പാവങ്ങൾക്കുള്ളത് സൗകര്യങ്ങളേറെയില്ലാത്തതും അസൗകര്യങ്ങളേറെയുള്ളതുമായ മൂന്നാം ക്ലാസാണ്. അങ്ങിനെ ജനങ്ങളെ സമ്പന്നരും മദ്ധ്യവർത്തികളും നിർധനരുമെന്ന മൂന്നുതട്ടുകളിലാക്കി വിഭജിച്ചു വിഭജിച്ചു ഭരിയ്ക്കുക എന്ന ഗൂഢതന്ത്രമാണ് സർക്കാരിന്റേത്. ക്ലാസ് മൂന്നിലാണ് അനിയന്ത്രിതമായ തിക്കും തിരക്കും ഉന്തും തള്ളും ഇടിയും കുത്തുമൊക്കെ നടക്കാറ്. ആ ഉന്തും തള്ളിലും പെട്ട് കുപ്പായം ലേശം പിഞ്ഞിപ്പോയെങ്കിലും പാച്ചന് അകത്തുകടന്നുകൂടാൻ ഈശ്വരൻ സഹായിച്ചു.

പത്താളുകൾക്കുള്ള സീറ്റിൽ ഇരുപതുപേരുണ്ടെങ്കിലും പാച്ചനും അതിനിടയിൽ സ്വയം കുത്തിതിരുകി. 15 പേർ പരിമിതപ്പെട്ട് കിടക്കുന്ന സ്ഥലത്ത് പതിനായിരങ്ങൾ പിറന്നുവീഴുമ്പോൾ തങ്ങളും അതിൽ പങ്കാളിയായതിനാൽ കുറ്റപത്രം തയ്യാറാക്കാൻ ധൈര്യപ്പെടാതെ ആ അസഹനീയതയെ സമൗനം ശപിച്ച് സഹിക്കേണ്ടിവരുന്ന സമൂഹം പോലെ അയൽക്കാർ ആ പുതുപ്പിറവിയെ സ്വാഗതം ചെയ്തു.

അയലത്തുള്ളവർ അയവിറക്കുന്നത് എന്താണെന്നറിയാൻ പാച്ചന് താൽപര്യം തോന്നിയില്ല. അയാൾ ജനാലയിലൂടെ പുറം ലോകത്തേക്ക് കണ്ണയച്ചു.

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*